**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 257** **08-10-2025 - ൽ മറുപടിയ്ക്ക്**

**അഡ്വഞ്ചർ ടൂറിസം മേഖലയിൽ സുരക്ഷാമാനദണ്ഡങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എ. രാജ,<br>ശ്രീ. സി. എച്ച്. കുഞ്ഞമ്പു,<br>ശ്രീ. കെ.കെ. രാമചന്ദ്രൻ,<br>ശ്രീ. ലിന്റോ ജോസഫ് | | ശ്രീ. പി.എ.മുഹമ്മദ് റിയാസ്<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് അഡ്വഞ്ചർ ടൂറിസം മേഖലയിൽ സുരക്ഷാ മാനദണ്ഡങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ടോ; നിലവിൽ പ്രാബല്യത്തിലുള്ള മാർഗനിർദേശങ്ങൾ വെളിപ്പെടുത്താമോ; | (എ) | സംസ്ഥാനത്ത് അഡ്വഞ്ചർ ടൂറിസം മേഖലയിൽ സുരക്ഷാ മാനദണ്ഡങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട് . സാഹസിക ടൂറിസം വളരുന്നതോടൊപ്പം വിനോദസഞ്ചാര വകുപ്പിന്റെ പ്രധാന ലക്ഷ്യം ആ മേഖലയിലെ പ്രവർത്തനങ്ങളിൽ സുരക്ഷിതത്വവും ഗുണനിലവാരവും ഉറപ്പുവരുത്തുക എന്നതാണ് . സാഹസിക വിനോദ സഞ്ചാരമേഖലയിൽ സുരക്ഷാ മാനദണ്ഡങ്ങൾ തയ്യാറാക്കുന്നതിനായി വിനോദസഞ്ചാര വകുപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്ന "കേരള അഡ്വഞ്ചർ ടൂറിസം പ്രൊമോഷൻ സൊസൈറ്റിയുടെ" നേതൃത്വത്തിൽ ഒരു വിദഗ്ധ കമ്മിറ്റിയെ ചുമതലപ്പെടുത്തുകയുണ്ടായി. ഈ കമ്മിറ്റിയുടെ നേതൃത്വത്തിൽ ഇന്ന് കൂടുതൽ പ്രചാരത്തിലുള്ള 31 ഇനം സാഹസിക ടൂറിസം ആക്ടിവിറ്റികളെ ഉൾപ്പെടുത്തി ഒരു സമഗ്രമായ സാഹസിക ടൂറിസം സേഫ്റ്റി ആൻഡ് സെക്യൂരിറ്റി ഗൈഡ് റെഗുലേഷൻസ് തയ്യാറാക്കി നടപ്പിലാക്കിയിട്ടുണ്ട് . കൂടാതെ ടെന്റ് ക്യാമ്പിംഗ് പ്രത്യേക സുരക്ഷ മാനദണ്ഡങ്ങൾ നിശ്ചയിച്ച് നടപ്പിലാക്കിയിട്ടുണ്ട് . കര, വ്യോമ, ജല മേഖലയിലെ സാഹസിക ടൂറിസം പ്രവർത്തനങ്ങളെ ഉൾക്കൊള്ളിച്ച് കൊണ്ടുള്ള സമഗ്രമായ ഗൈഡ് ലൈൻസ് സംവിധാനം നിലവിൽ വന്നിട്ടുള്ളതാണ് . സാഹസിക ടൂറിസത്തിനുള്ള മാർഗനിർദ്ദേശങ്ങളും നടപടിക്രമങ്ങളും നിശ്ചയിച്ച് ഉത്തരവിറക്കിയിട്ടുണ്ട് . സാഹസിക ടൂറിസം മേഖലയിൽ പ്രവർത്തിക്കുന്ന വ്യക്തികളും സ്ഥാപനങ്ങളും ഈ ഗൈഡ് ലൈൻസ് മാതൃകയാക്കി അവരുടെ പ്രവർത്തനങ്ങൾ നടത്താവുന്നതാണ് . ഇതോടൊപ്പം തന്നെ വിനോദസഞ്ചാര വകുപ്പ് അഡ്വഞ്ചർ ടൂർ ഓപ്പറേറ്റേഴ്സിനായി രജിസ്ട്രേഷൻ സിസ്റ്റവും |

| | | | |
|---|---|---|---|
| | | | നടപ്പിലാക്കി. സാഹസിക ടൂറിസം സേഫ്റ്റി ആൻഡ് സെക്യൂരിറ്റി റെഗുലേഷൻസിന്റെ മാനദണ്ഡത്തിന് അനുസരിച്ച് ആയിരിക്കും രജിസ്ട്രേഷൻ നൽകുക. വിനോദസഞ്ചാര വകുപ്പിലെ ഉദ്യോഗസ്ഥരും ഈ മേഖലയിലെ വിദഗ്ധരും അടങ്ങിയ ഒരു കമ്മിറ്റിയുടെ നേരിട്ടുള്ള പരിശോധനയുടെ അടിസ്ഥാനത്തിൽ ആയിരിക്കും വിനോദസഞ്ചാര വകുപ്പ് ഡയറക്ടർ രണ്ടു വർഷത്തേക്ക് ഈ സ്ഥാപനങ്ങൾക്ക് രജിസ്ട്രേഷൻ അനുവദിക്കുന്നത് .<br><br>സംസ്ഥാനത്തെ ഫ്ളോട്ടിങ് ബ്രിഡ്ജ്, ഗ്ലാസ് ബ്രിഡ്ജ് എന്നിവയുടെ സുരക്ഷിതത്വം പരിശോധിക്കുന്നതിനും ഓഡിറ്റിങ് നടത്തുന്നതിനും വേണ്ടി സർക്കാർ KATPS ന് കീഴിൽ ടെക്നിക്കൽ പാനലിനെ രൂപീകരിച്ചു നൽകിയിട്ടുണ്ട്. ഈ ടെക്നിക്കൽ കമ്മിറ്റിയുടെ നേതൃത്വത്തിൽ കേരള സംസ്ഥാനത്ത് ഫ്ളോട്ടിങ് ബ്രിഡ്ജ് ഗ്ലാസ് ബ്രിഡ്ജ് എന്നിവയ്ക്കുള്ള റെഗുലേഷൻ തയ്യാറാക്കി അതിന്റെ രജിസ്ട്രേഷൻ നടന്നുവരുന്നു. |
| (ബി) | അഡ്വഞ്ചർ ടൂറിസം മേഖലയിലെ ഗൈഡുമാർക്കും ട്രെയിനർമാർക്കും നൽകിയിട്ടുള്ള സർക്കാർ അംഗീകൃത പരിശീലന പരിപാടികൾ വിശദമാക്കാമോ; | (ബി) | കേരള ടൂറിസം വകുപ്പിന് കീഴിൽ പ്രവർത്തിക്കുന്ന കേരള അഡ്വഞ്ചർ ടൂറിസം പ്രമോഷൻ സൊസൈറ്റിയും കിറ്റ്സും ചേർന്നുകൊണ്ട് കേരളത്തിലെ സാഹസിക ടൂറിസം മേഖലയിലെ ട്രെയിൻഡ് ആയിട്ടുള്ള ഗൈഡ് മാർക്കും അഡ്വഞ്ചർ ടൂർ ആക്ടിവിറ്റി ലീഡേഴ്സിനുമായി സാഹസിക പരിശീലന ക്ലാസുകൾ സംഘടിപ്പിച്ചു വരുന്നു. അഡ്വഞ്ചർ ആക്ടിവിറ്റി ലീഡർ മാർക്കായി ഏഴു ദിവസത്തെ പരിശീലന പരിപാടികൾ ആണ് സംഘടിപ്പിക്കുന്നത് പ്രാഥമിക ശുശ്രൂഷ നൽകുന്നതിനു വേണ്ടിയുള്ള ഫസ്റ്റ് എയ്ഡ് , സിപിആർ അടക്കമുള്ള ട്രെയിനിങ്ങുകളും ആക്ടിവിറ്റികൾ ഓപ്പറേറ്റ് ചെയ്യുന്നതിനായി ഇന്ത്യയിലെ തന്നെ വിദഗ്ധരായ സാഹസിക പ്രൊഫഷണലുകളെ ഉൾപ്പെടുത്തി അഡ്വഞ്ചർ പാർക്കുകളിലെ ഫീൽഡ് ട്രെയിനിങ് അടക്കം നൽകി ഏഴു ദിവസത്തെ വിദഗ്ധ പരിശീലനം ആണ് നൽകുന്നത് . പരിശീലനങ്ങൾക്ക് ശേഷം ഫസ്റ്റ് എയ്ഡ് സി.പി.ആറിന്റെയും സാഹസിക ടൂറിസം ആക്ടിവിറ്റി ലീഡർ എന്ന സർട്ടിഫിക്കറ്റും നൽകിവരുന്നു. കേരള അഡ്വഞ്ചർ ടൂറിസം പ്രമോഷൻ സൊസൈറ്റിയുടെ തെരഞ്ഞെടുക്കപ്പെട്ട ടെക്നിക്കൽ മെമ്പേഴ്സും കിറ്റ്സ് അധ്യാപകരും ലോക നിലവാരത്തിലുള്ള അഡ്വഞ്ചർ ടൂറിസം സ്റ്റാൻഡേർഡുകൾ അനുസരിച്ചുള്ള സിലബസിൽ ആണ് ഈ ട്രെയിനിങ്ങുകൾ നൽകി വരുന്നത് . |

| | | | |
|---|---|---|---|
| (സി) | സംസ്ഥാനത്ത് അഡ്വഞ്ചർ ടൂറിസത്തിന് സാധ്യതയുള്ള കേന്ദ്രങ്ങൾ ഏതൊക്കെയാണെന്ന് വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കാമോ; | (സി) | നമ്മുടെ സംസ്ഥാനത്തിന്റെ ഭൂപ്രകൃതി അനുസരിച്ച് സാഹസിക ടൂറിസത്തിന് ഏറ്റവും അനുയോജ്യമായ മേഖലയാണ് . പ്രധാനമായും നമ്മുടെ ദൈർഘ്യമേറിയ തീരപ്രദേശവും 44 നദികളും നമ്മുടെ കായലുകളും അണക്കെട്ടുകളും നീണ്ടുകിടക്കുന്ന സഹ്യ പർവതനിരയും സാഹസിക ടൂറിസത്തിന് ഏറ്റവും അനുയോജ്യമായ ഭൂപ്രകൃതിയാണ്. ഇതുകൊണ്ട് തന്നെ സംസ്ഥാനത്തെ എല്ലാ ജില്ലകളും വ്യത്യസ്തങ്ങളായ സാഹസിക ടൂറിസം ആക്ടിവിറ്റികൾക്ക് അനുയോജ്യമാണ് . ട്രക്കിംഗ് ,ഹൈക്കിംഗ് , വാട്ടർ അഡ്വഞ്ചർ ആക്ടിവിറ്റീസ് , കയാക്കിംഗ് , ഗ്ലാസ് ബ്രിഡ്ജ് , ഫ്ലോട്ടിംഗ് ബ്രിഡ്ജ് തുടങ്ങിയ വ്യത്യസ്തങ്ങളായ അഡ്വഞ്ചർ ടൂറിസം ആക്ടിവിറ്റികൾ കേരളത്തിൽ നടക്കുന്നുണ്ട് . |
| (ഡി) | നിലവിൽ വികസിപ്പിച്ചിട്ടുള്ള അഡ്വഞ്ചർ ടൂറിസം കേന്ദ്രങ്ങളുടെ വിവരങ്ങൾ വിശദമാക്കാമോ? | (ഡി) | കേരളത്തിൽ സാഹസിക ടൂറിസത്തിന്റെ ഹബ്ബ് എന്ന് പ്രധാനമായും അറിയപ്പെടുന്നത് ഇടുക്കി ജില്ലയിലെ വാഗമൺ ആണ്. വാഗമണ്ണിൽ പ്രധാനമായും വാഗമൺ അഡ്വഞ്ചർ പാർക്കും പാരാഗ്ലൈഡിങ് സെന്ററും കേരളത്തിൽ ആസൂത്രിതം ആയിട്ടുള്ള ആദ്യത്തെ സാഹസിക പാർക്കാണ് . കോഴിക്കോട് ജില്ലയിലെ പുലിക്കയത്തുള്ള അന്തർദേശീയ കയാക്കിംഗ് പരിശീലന കേന്ദ്രം ഇന്ത്യയിലെ തന്നെ ഗവൺമെന്റിന്റെ കീഴിലുള്ള ആദ്യത്തെ വൈറ്റ് വാട്ടർ കയാക്കിംഗ് പരിശീലന കേന്ദ്രമാണ് . ഇവിടെയാണ് ഏഷ്യയിലെ തന്നെ ഏറ്റവും വലിയ വൈറ്റ് വാട്ടർ കയാക്കിംഗ് ചാമ്പ്യൻഷിപ്പ് ആയ **"മലബാർ റിവർ ഫെസ്റ്റിവൽ"** സംഘടിപ്പിക്കുന്നത് . വർക്കല ബീച്ച് കേരളത്തിലെ വാട്ടർ സ്പോർട്സിന്റെ ഹബ്ബ് ആയി മാറിയിരിക്കുകയാണ് . എല്ലാവർഷവും **"ഇന്റർനാഷണൽ സർഫിങ് ഫെസ്റ്റിവൽ"** സംഘടിപ്പിക്കുന്നത് വർക്കലയിലാണ് . വർക്കലയിൽ പ്രധാനമായും 30 ഓളം സർഫിങ് സ്കൂളുകൾ പ്രവർത്തിക്കുന്നുണ്ട് . കൂടാതെ പാരാഗ്ലൈഡിംഗ് , ജെറ്റ് സ്കീ മുതലായവ അടക്കമുള്ള നൂതന വാട്ടർ സ്പോർട്സ് ആക്ടിവിറ്റികൾ നടത്തിവരുന്ന കേന്ദ്രമാണ് .<br><br>കോവളത്ത് പി.പി.പി. മോഡലിൽ ടൂറിസം ഡിപ്പാർട്ട്മെന്റ് പാരാസെയിലിംഗ് , സ്കൂബ ഡൈവിംഗ് അടക്കമുള്ള നൂതന വാട്ടർ ബേസ്ഡ് ആക്ടിവിറ്റികൾ നടത്തിവരുന്നു. കോഴിക്കോട് ജില്ലയിലെ ബേപ്പൂരിൽ ഉത്തരവാദിത്ത ടൂറിസം പ്രമോഷൻ സൊസൈറ്റിയുടെ നേതൃത്വത്തിൽ സർഫിങ് സ്കൂൾ പ്രവർത്തിക്കുന്നു. വയനാട് ജില്ലയിലെ മാനന്തവാടി പ്രിയദർശിനി എസ്റ്റേറ്റിലാണ് യുസി ഐ എന്ന വേൾഡ് സൈക്ലിംഗ് അസോസിയേഷൻ |

| | | | |
|---|---|---|---|
| | | | അംഗീകരിച്ച ഏക മൗണ്ടൻ ബൈക്ക് ട്രാക്ക് സ്ഥിതി ചെയ്യുന്നത്. ഇവിടെയാണ് എം ടി ബി കേരള എന്ന പേരിൽ ലോക സൈക്ലിംഗ് ചാമ്പ്യൻഷിപ്പ് എല്ലാവർഷവും ടൂറിസം ഡിപ്പാർട്ട്മെന്റ് സംഘടിപ്പിക്കുന്നത്.<br><br>അതുപോലെതന്നെ ഇടുക്കി ജില്ലയിലെ ചെറുതോണിയിലുള്ള ഹിൽവ്യൂ പാർക്ക് , തിരുവനന്തപുരം ജില്ലയിലെ ആക്കുളം അഡ്വഞ്ചർ പാർക്ക്, വയനാട് ജില്ലയിലെ കർലാട് തടാകത്തിലുള്ള അഡ്വഞ്ചർ പാർക്ക് , വയനാട് ജില്ലയിലെ കാരാപ്പുഴ അഡ്വഞ്ചർ പാർക്ക് , മലപ്പുറം ജില്ലയിലെ കോട്ടക്കുന്ന് അഡ്വഞ്ചർ പാർക്ക് , എന്നിവ ടൂറിസം വകുപ്പിന്റെ നേതൃത്വത്തിൽ സജ്ജമാക്കിയ അഡ്വഞ്ചർ ടൂറിസം കേന്ദ്രങ്ങളാണ്. |

സെക്ഷൻ ഓഫീസർ